**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **30-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. 1. തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ നവീകരണവും ലീഡിംഗ് ചാനലിന്റെ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണവും നടപ്പിലാക്കുന്നതിലൂടെ സ്പിൽവേയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. 2. പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണവും കുട്ടനാട്ടിലെ ജലസ്രോതസുകളുടെ നവീകരണവും 3. വേമ്പനാട് തണ്ണീർത്തട വ്യവസ്ഥ സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുക. 4. എ.സി കനാലിന്റെ 2,3 ഘട്ടങ്ങൾ നടപ്പിലാക്കുക 5. തണ്ണീർമുക്കം ബണ്ടിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിശദമായ പഠനം നടത്തുക. |

സെക്ഷൻ ഓഫീസർ